"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ മൂന്നു വർഷമായി സേവന മനുഷ്ഠിക്കുന്ന ശ്രീമതി റെനിമോൾ എൻ. എന്നവരുടെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.2270/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/10/2019

പരാമർശം:- 1 ജി.ഒ.(ആർ.ടി) നം. 2477/2016/തസ്വഭവ. തീയതി 18/08/2016.

2 ജി.ഒ.(ആർ.ടി) നം. 3061/2017/തസ്വഭവ. തീയതി 16/9/2017.

3 ജി.ഒ.(ആർ.ടി) നം. 2474/2018/തസ്വഭവ. തീയതി 24/9/2018.

4 ലാന്റ് റവന്യൂ കമ്മീഷണറുടെ 23/07/2019 ലെ എൽ.ആർ.(എൻ) 2-24427/2019 നം. കത്ത്.

5 സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 02/08/2019 ലെ എസ്ഇസി/202/2018-എ1. നം.കത്ത്.

**ഉത്തരവ്**

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം, എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്ക് സ്പെഷ്യൽ തഹസിൽദാർ (ആർ.ആർ.) ഓഫീസിലെ എൽ.ഡി. ടൈപ്പിസ്റ്റ് ആയി ജോലി ചെയ്തിരുന്ന ശ്രീമതി.എൻ.റെനിമോൾ എന്നവരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ടൈപ്പിസ്റ്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. 09/09/2016 മുതൽ ശ്രീമതി റെനിമോൾ സംസ്ഥാന ഇലക്ഷൻ കമ്മീഷനിൽ ജോലിയിൽ പ്രവേശിക്കുകയും പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം യഥാക്രമം 9/9/2017, 9/9/2018 എന്നീ തീയതികൾ മുതൽ, ടിയാളുടെ ഡെപ്യൂട്ടേഷൻ കാലാവധി ഒരോ വർഷം കൂടി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടിയാളുടെ അന്യത്ര സേവന കാലാവധി 08/09/2019 ൽ അവസാനിക്കുകയാണെന്നും, 09/09/2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പരാമർശം (5) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീമതി.റെനിമോൾക്ക് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിലെ അന്യത്ര സേവന കാലാവധി 09/09/2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകുന്നതിൽ വകുപ്പിന് ആക്ഷേപമില്ലെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുമുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ ടൈപ്പിസ്റ്റായി സേവനമനുഷ്ഠിച്ച് വരുന്ന, എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്ക് സ്പെഷ്യൽ തഹസിൽദാർ (ആർ.ആർ.) ഓഫീസിലെ എൽ.ഡി. ടൈപ്പിസ്റ്റ്, ശ്രീമതി.എൻ.റെനിമോളുടെ അന്യത്ര സേവന കാലാവധി നിലവിലെ അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി 09/09/2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ശ്രീമതി റെനിമോൾ എൻ., എൽ.ഡി. ടൈപ്പിസ്റ്റ്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ